# Deepika

## 9 August 2018

## Kochi, Central Team, Assessed the Damage

# മഴക്കെടുതി കണ്ടും കേട്ടും കണക്കെടുത്തും കേന്ദ്രസംഘം

**കുന്നുകര, ചെല്ലാനം മേഖലകളിൽ സന്ദർശനം നടത്തി**



ചെല്ലാനത്ത് എത്തിയ കേന്ദ്രസംഘത്തോട് ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള നാശനഷ്ടങ്ങൾ വിശദീകരിക്കുന്നു.

**കൊച്ചി:** മഴക്കെടുതി വിലയിരുത്താനെത്തിയ കേന്ദ്ര സംഘം ജില്ലയിലെ നാശനഷ്ടങ്ങൾ നേരിൽ കണ്ട് വിലയിരുത്തി. കുന്നുകര, ചെല്ലാനം മേഖലകളിലാണ് കേന്ദ്ര കാർഷിക മന്ത്രാലയം ഡയറക്ടർ ബി.കെ ശ്രീവാസ്തവ, ഊർജ മന്ത്രാലയം ഡെപ്യൂട്ടി ഡയറക്ടർ നർസി റാം മീണ, ഗതാഗത മന്ത്രാലയം റീജണൽ ഓഫീസർ വി.വി ശാസ്ത്രി എന്നിവരടങ്ങിയ സംഘമാണു ജില്ലയിൽ സന്ദർശനം നടത്തിയത്.

രാവിലെ നെടുമ്പാശേരി സാജ് റിസോർട്ടിൽ നടന്ന അവലോകനയോഗത്തിൽ നാശനഷ്ടങ്ങൾ സമഗ്രമായി ജില്ലാ കളക്ടർ മുഹമ്മദ് സഫിറുള്ള കേന്ദ്ര സംഘത്തിനു മുന്നിൽ അവതരിപ്പിച്ചു. ഈ വർഷം 18.97 ശതമാനം അധിക മഴയാണു ജില്ലയിൽ ലഭിച്ചത്. കൊച്ചി-25.85, പിറവം - 108.25, ആലുവ-25.85, സിയാൽ മേഖല -29.88, പെരുമ്പാവൂർ -36.71 എന്നിങ്ങനെയാണു ജില്ലയിൽ ലഭിച്ച അധികമഴയുടെ തോത്. കനത്ത മഴയെ തുടർന്നു ജില്ലയിലെ 26 വീടുകൾ പൂർണമായും 506 വീടുകൾ ഭാഗികമായും തകർന്നു. 78 ദുരിതാശ്വാസ ക്യാമ്പുകളാണു ജില്ലയിൽ തുറന്നത്. 1889 കുടുംബങ്ങളിലെ 7557 അംഗങ്ങളെ ക്യാമ്പുകളിലെത്തിച്ചു. ദുരിതബാധിതർക്ക് താത്കാലിക ആശ്വാസം എന്ന നിലയിൽ 71 ലക്ഷം രൂപ ചെലവഴിച്ചു.

ചെല്ലാനം മേഖലയിൽ 10 ദിവസവും പറവൂർ മേഖലയിൽ 20 ദിവസവും ക്യാമ്പുകൾ പ്രവർത്തിച്ചതായി ഫോർട്ടുകൊച്ചി ആർഡിഒ എസ്. ഷാജഹാൻ പറഞ്ഞു. 16 ക്യാമ്പുകളാണു മുവാറ്റുപുഴ മേഖലയിൽ പ്രവർത്തിച്ചതെന്ന് മുവാറ്റുപുഴ ആർഡിഒ എം.ടി. അനിൽ കുമാർ അറിയിച്ചു.

ജില്ലയിലെ കാർഷിക മേഖലയിൽ 20.12 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കൃഷി വകുപ്പ് അറിയിച്ചു. 7510 കർഷകരെയാണു മഴക്കെടുതി ബാധിച്ചത്. 1284 ഹെക്ടറുകളിൽ കൃഷിനാശം സംഭവിച്ചു. മത്സ്യബന്ധന മേഖലയിൽ 31.53 ലക്ഷം രുപയുടെ നാശനഷ്ടമുണ്ടായി. 12,95,000 രൂപയുടെ നഷ്ടമാണു മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമായി സംഭവിച്ചത്. ജലസേചന, ജലവിതരണ മേഖലകളിലും കാര്യമായ നാശനഷ്ടം സംഭവിച്ചു. ചെറുകിട ജലസേചന മേഖലയിൽ 7.5 ലക്ഷം രൂപയുടെ നഷ്ടവും ജലവിതരണ മേഖലയിൽ 72.49 ലക്ഷം രൂപയുടെ നാശനഷ്ടവുമുണ്ടായി. വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണിക്ക് 2.51 കോടി രൂപ ചെലവഴിച്ചു. പൊതുമരാമത്ത് റോഡുകൾ തകർന്നതു മൂലം 527.56 ലക്ഷം രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. എറണാകുളം മേഖലയിൽ 920 കിലോമീറ്ററും മുവാറ്റുപുഴ മേഖലയിൽ 236 കിലോമീറ്റർ റോഡും കനത്ത മഴയിൽ തകർന്നു. ആകെ 1155 കിലോമീറ്റർ റോഡാണു ജില്ലയിൽ തകർന്നത്.

വാട്ടർ അഥോറിറ്റിയ്ക്കു 82 ലക്ഷം രൂപയുടെ നഷ്ടമാണു കണക്കാക്കുന്നത്. അവലോകന യോഗത്തിനുശേഷം കുന്നുകര,



കുന്നുകരയിലെ കൃഷിനാശം സംഭവിച്ച പ്രദേശങ്ങളിൽ കേന്ദ്രസംഘം സന്ദർശനം നടത്തിയപ്പോൾ. വി.കെ. ഇബ്രാഹിംകുഞ്ഞ് എംഎൽഎ, ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള തുടങ്ങിയവർ സമീപം.

ചെല്ലാനം മേഖലയിൽ കേന്ദ്ര സംഘം സന്ദർശനം നടത്തി. കുന്നുകരയിലെത്തിയ സംഘത്തെ വി.കെ. ഇബ്രാഹിം കുഞ്ഞ് എംഎൽഎയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. വയൽക്കര മദ്രസപ്പടി, അമ്മനത്ത പള്ളം എന്നിവിടങ്ങളിലെ വാഴ, നെല്ല് എന്നിവയുടെ നാശം സംഘം വിലയിരുത്തി. തുടർന്ന് ചെല്ലാനത്ത് കടൽക്ഷോഭം മൂലം ദുരിതമനുഭവിക്കുന്ന മേഖലകളിലും വീടുകളിലും സന്ദർശനം നടത്തി.

കടൽ കയറി നാശനഷ്ടം സംഭവിച്ച ചെല്ലാനം പഞ്ചായത്തിലെ മറുവക്കാട് ബസാർ, കമ്പനിപ്പടി, ഉപ്പത്തത്തോട് കനാൽ എന്നീ പ്രദേശങ്ങളും കേന്ദ്രസംഘം സന്ദർശിച്ചു. കടൽഭിത്തി തകർന്ന സ്ഥലങ്ങളിൽ അടിയന്തരമായി കടൽഭിത്തിയും പുലിമുട്ടും സ്ഥാപിക്കുന്നതിനു കേന്ദ്രസഹായം അനുവദിക്കണമെന്നു സംഘത്തോട് പ്രദേശവാസികൾ ആവശ്യപ്പെട്ടു. ആകെയുള്ള 20 കിലോമീറ്റർ തീരത്ത് ഇടവിട്ടുള്ള അഞ്ച് സ്ഥലങ്ങളിലായി 1.8 കിലോമീറ്റർ ഭാഗത്താണു കടൽഭിത്തി പൂർണമായും തകർന്നിട്ടുള്ളത്.

പശ്ചിമകൊച്ചി തീരസംരക്ഷണ സമിതി അംഗങ്ങളുമായി സംഘം ചർച്ച നടത്തി. ജിയോ ബാഗുകൾ സ്ഥാപിക്കുന്നതിലൂടെ ശാശ്വതമായ പരിഹാരം കാണാൻ സാധിക്കില്ലെന്നും ശക്തമായ കടൽഭിത്തിയും പുലിമുട്ടും ഉണ്ടെങ്കിൽ മാത്രമേ പ്രദേശത്തെ സംരക്ഷിക്കാൻ സാധിക്കുവെന്നും സമിതി അംഗങ്ങൾ പറഞ്ഞു.